# വിശ്വാസം

## ഗലാത്യർ 5:06

**“ക്രിസ്തുവേശുവിൽ പരിഛേദനയല്ല അഗ്രചർമ്മവുമല്ല സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ കാര്യം”**

അദ്ധ്യായം 5 ആദ്യം മുതൽ വായിച്ചു വരുമ്പോൾ അവിടെ കാണുന്നത് വിശ്വാസം മൂലമുള്ള നീതീകരണത്തെക്കുറിച്ചും അതോടൊപ്പം പ്രവൃത്തിയാലുള്ള നീതീകരണത്തെക്കുറിച്ചും പൗലോസ് വിശദീകരിക്കുന്നു. ഒരുവൻ തന്റെ പ്രവൃത്തിയാൽ ദൈവം തന്നെ നീതീകരിക്കും എന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ അത് തെറ്റായ ധാരണയാണെന്നും അങ്ങനെയുള്ളവർ ദൈവകൃപയിൽ നിന്നും മാറ്റപ്പെട്ടു പോയെന്നും മറിച്ച് വിശ്വാസത്താൽ നീതീകരണം പ്രാപിക്കുവാൻ ആത്മാവിന്റെ നിയന്ത്രണത്താൽ കാത്തിരിക്കുന്നവർ തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ച് അവനോടുള്ള പൂർണ്ണമായ സ്നേഹത്തിൽ ആയിരിപ്പാൻ ശ്രമിക്കുന്നു എന്ന് പൗലോസ് ഓർമ്മിപ്പിക്കുകയാണിവിടെ.

പരിഛേദന എന്നു പറയുന്നത് ജഡത്തിന്റെ ഒരു പ്രവൃത്തിയായിട്ടാണ് നമുക്ക് ഈ വചനത്തിൽ കാണുവാൻ കഴിയുന്നത്. ഒരുവൻ രക്ഷ പ്രാപിപ്പാനോ ദൈവത്തിൽ നിന്നു നീതി പ്രാപിക്കുവാനോ ഒരു നല്ല പ്രവൃത്തി ചെയ്തതുകൊണ്ട് ഒരു ഫലവുമില്ല എന്ന് പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ഗലാത്യ ലേഖനത്തിലുടനീളം ഈ വിഷയത്തെ ആസ്പദമാക്കിയാണ് പൗലോസ് എഴുതിയിരിക്കുന്നത്. കാരണം ദുരുപദേശക്കാർ ഗലാത്യയിൽ പഠിപ്പിച്ചു പോന്നത് വീണ്ടും ജനിക്കുന്നതിനോ രക്ഷ പ്രാപിക്കുന്നതിനോ ദൈവത്തിലുള്ള വിശ്വാസം കൊണ്ട് മാത്രം പോരാ ജീവിതത്തിൽ നല്ല പ്രവൃത്തികൾ കൂടി ചെയ്തെങ്കിൽ മാത്രമേ അതു സാദ്ധ്യമാകൂ എന്ന്. എന്നാൽ ഒരുവൻ ദൈവത്തെയും അവന്റെ വചനത്തെയും അനുസരിക്കുവാൻ തയ്യാറാകുന്നില്ല എങ്കിൽ പിന്നെ എങ്ങനെ അവനിൽ ദൈവീകമായ പ്രവൃത്തി ഉണ്ടാവും. അങ്ങനെയെങ്കിൽ ദൈവത്തെ സ്നേഹിക്കുന്ന ഒരുവനു മാത്രമേ ദൈവത്തെ അനുസരിക്കാനും അവന്റെ വചനത്തിൻ പ്രകാരം ജീവിതത്തെ ക്രമീകരിക്കാനും സാധിക്കൂ. ദൈവസ്നേഹം ഒരുവനിൽ ഉറവെടുക്കണമെങ്കിൽ അവനിൽ ദൈവവിശ്വാസം എന്ന അടിത്തറയായുണ്ടാവണം. ഒരുവന് ദൈവത്തിൽ പൂർണ്ണ വിശ്വാസം ഉണ്ടാവുമ്പോൾ അവൻ ദൈവ കൃപയാൽ നീതീകരണം പ്രാപിക്കുകയും അവനിൽ രക്ഷ കടന്നു വരികയും ചെയ്യുന്നു. അപ്രകാരം ആ ദൈവ വിശ്വാസത്തിൽ നിന്നും അവനിൽ സംജാതമായ ദൈവീക രക്ഷയിൽ നിന്നും അതിനു തക്ക പ്രവൃത്തി അവനിൽ താനേ ഉടലെടുക്കും. എഫേസ്യർ 2:8 ൽ പറയുന്നുണ്ട്, “കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്” എന്ന്.

ഈ കൃപ എന്തെന്ന് തിരിച്ചറിഞ്ഞ് ദൈവത്തെ സ്നേഹിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്ന ഒരുവൻ രക്ഷ പ്രാപിക്കുമ്പോൾ അവനിൽ ദൈവത്തോടുള്ള സ്നേഹത്തിൻ പ്രതിഫലമായി അതിനൊത്ത പ്രവൃത്തികൾ താനേ ഉടലെടുക്കും. ആ പ്രവൃത്തികൾ ഒരിക്കലും രക്ഷ പ്രാപിക്കുവാൻ ഉതകുന്നവയല്ല എന്ന് നാം വീണ്ടും വീണ്ടും തിരിച്ചറിയണം. അങ്ങനെയെങ്കിൽ നാം ഇന്നു നമ്മുടെ ജീവിതത്തിലേക്ക് ഒരു തിരിച്ചുപോക്ക് നടത്തണം എന്നിട്ട് നമ്മോട് തന്നെ ഒന്നു ചോദിച്ചു നോക്കുക, വാസ്തവത്തിൽ ഈ കർത്താവിനെ സ്നേഹിക്കുന്നതു കൊണ്ടാണോ ഞാൻ അവനിൽ വിശ്വസിക്കുകയും അവനെ സേവിക്കുകയും ചെയ്യുന്നത് അതോ അവൻ എനിക്കു ചെയ്തു തരുന്ന ചില നന്മകൾ മാത്രമാണോ അതിനാധാരമായി ഞാൻ കാണുന്നത്. റോമാ ലേഖനത്തിൽ ഇപ്രകാരം പറയുന്നുണ്ട് "തന്നെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയെക്കായി അവൻ ഒരുക്കുന്നു" എന്ന്. അങ്ങനെയെങ്കിൽ ഇന്ന് ആ ദൈവത്തെ സ്നേഹിക്കുവാനും അവനിൽ പൂർണ്ണമായ വിശ്വാസമർപ്പിക്കാനും അതിൻ പ്രകാരാമുള്ള പ്രവൃത്തികളാൽ നമ്മുടെ ജീവിതത്തെ തന്നെ ദൈവത്തിനു സമർപ്പിക്കാനുമുള്ള ഒരു ഉറച്ച തീരുമാനം നമ്മുടെ ജീവിതത്തിൽ നടപ്പാകട്ടെ എന്നു പ്രാർഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 തിമൊഥെയൊസ് 1:15

ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വചനം തന്നേ.

ബ്രദർ. ബിനു ബേബി ആലപ്പുഴ 074